DESPATCHED
On 08/06/2020

25/02/2020

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561603/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.578(4)/2013/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.3565/SIC-Gen 2/2013**

സന്നിഹിതൻ

ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. തോമസ്കുട്ടി എം.ടി.,
മണക്കുന്നേൽ,
കുരിശുംമൂട് പി.ഒ., ചങ്ങനാശ്ശേരി. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
വികാസ് ഭവൻ,
തിരുവനന്തപുരം.

2. അപ്പീൽ അധികാരി &
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ,
കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
വികാസ് ഭവൻ,
തിരുവനന്തപുരം. } എതിർകക്ഷികൾ

## ഉത്തരവ്

വിവരാവകാശ നിയമപ്രകാരം കമ്മീഷൻ മുമ്പാകെ 15.03.2013ൽ ശ്രീ. എം.ടി. സോമസ്കുട്ടി സമർപ്പിച്ച രണ്ടാം അപ്പീലാണ് ഈ കേസിൽ പരിഗണിക്കുന്നത്.

2. അന്വേഷണത്തിന് വ്യക്തമായ വിവരം നൽകാൻ കഴിയുന്നത് സർക്കാരിലെ ഉന്നത വിദ്യാഭ്യാസ വകുപ്പിനാണെന്നും ആയതിനാൽ കത്ത് അവർക്ക് കൈമാറിയിട്ടുണ്ടെന്നും 23.11.2012ൽ ഒന്നാം എതിർകക്ഷി ഹർജിക്കാരനെ അറിയിച്ചു.

3. ഈ മറുപടി തൃപ്തികരമല്ലാത്തതിനാൽ രണ്ടാം എതിർകക്ഷി മുമ്പാകെ ഒന്നാം അപ്പീൽ 10.01.2013ൽ സമർപ്പിച്ചുവെങ്കിലും അപ്പീൽ അധികാരി മറുപടിയൊന്നും നൽകിയില്ല. ഈ സാഹചര്യത്തിൽ കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിക്കുകയായിരുന്നു.

4. അപ്പീൽ ഹർജിയിന്മേൽ എതിർകക്ഷികൾ നൽകിയ വിശദീകരണത്തിൽ ആവശ്യമായ വിവരങ്ങൾ സർക്കാരിൽ നിന്നും ലഭിച്ചതിനെ തുടർന്ന് 02.07.2013ലെ കത്തു മുഖാന്തിരം വിവരങ്ങൾ ഹർജിക്കാരന് നൽകിയിട്ടുള്ളതായി അറിയിച്ചു. ഈ

കേസിൽ കൂടുതൽ വിവരങ്ങൾ ശേഖരിക്കുന്നതിനായി 09.09.2013 തീയതി നിശ്ചയിച്ച് കക്ഷികൾക്ക് അറിയിപ്പു നൽകിയിരുന്നെങ്കിലും അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല.

5. ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്ന വിവരം സർക്കാർ തലത്തിൽ മാത്രം നൽകാൻ കഴിയുന്ന ഒന്നായിരുന്നതിനാൽ, സർക്കാരിൽ നിന്നും വിവരം ലഭിച്ച മുറയ്ക്ക് കാലതാമസമൊന്നും വരുത്താതെ വിവരം ഹർജിക്കാരന് നൽകിയിട്ടുള്ളതായി ഒന്നാം എതിർകക്ഷി കമ്മീഷനെ ബോദ്ധ്യപ്പെടുത്തി. ആയതിനാൽ അപ്പീലിൽ തുടർ നടപടികൾ ആവശ്യമില്ലെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

6. വിവരാവകാശ നിയമപ്രകാരമുള്ള കത്തിടപാടുകൾ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ എന്ന നിലയിൽ തന്നെ നടത്തേണ്ടതാണെും, കത്തിൽ അദ്ദേഹത്തിന്റെ പേരും, സ്ഥാന നിർദ്ദേശ ചെയ്തിട്ടുള്ള തസ്തികയും, ബന്ധപ്പെടാൻ കഴിയുന്ന ഫോൺ നമ്പരും ഒക്കെ കാണിച്ചിരിക്കണമെന്ന നിയമപരമായ കാര്യം പരാമർശിത കാലയളവിലെ കോളേജ് വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ അവഗണിച്ചതായി കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഇത് ഗുരുതരമായ വീഴ്ചയാണ്. തൽക്കാലം കമ്മീഷൻ മറ്റു നടപടികളിലേക്കു കടക്കുന്നില്ല. ഭാവിയിൽ ഇക്കാര്യത്തിൽ ജാഗ്രത കാണിക്കണമെന്ന് നിർദ്ദേശിക്കുന്നു.

7. ഈ അപ്പീൽ ഇപ്രകാരം തീർപ്പാക്കി തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേ ദിവസം, 2020 ഫെബ്രുവരി മാസം 25–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.

(ഒപ്പ്)
**കെ.വി.സുധാകരൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION • KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**

gk.